**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 252** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണം തയ്യാറാക്കുന്നവർക്ക് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണം തയ്യാറാക്കുന്നവർ ലൈസൻസ് എടുക്കണമെന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിഷയം വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. 2011-ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റഗുലേഷനിലെ അദ്ധ്യായം 2-ലെ റെഗുലേഷൻ 21 അനുസരിച്ച് ഫുഡ് ബിസിനസ് ചെയ്യുന്ന എല്ലാ വ്യക്തികളും ഏജൻസികളും നിയമാനുസൃതമായ Food Safety Licence എടുക്കേണ്ടതാണ്. എന്നാൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഫുഡ് ബിസിനസ് എന്ന നിർവ്വചനത്തിൻ കീഴിൽ വരാത്തതിനാലും ഉച്ചഭക്ഷണ വിതരണം ഒരു സ്റ്റാറ്റ്യൂട്ടറി & ലീഗൽ പ്രൊവിഷൻ ആയതിനാലും 2006- ലെ FSS ആക്ട്, 2011- ലെ FSS Rules, 2019-ലെ FSS Licensing & Registration of Food Business എന്നിവയുടെ പരിധിയിൽ വരുന്നില്ല. എന്നാൽ 2021-ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് റെഗുലേഷനിൽ സ്കൂൾ ഉച്ചഭക്ഷണ വിതരണം കൂടി ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.2001 നവംബർ 28-ലെ ബഹു.സുപ്രീം കോടതിയുടെ വിധിന്യായവും 2013-ൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യഭദ്രത ആക്ടും അനുസരിച്ച് സ്കൂൾ ഉച്ചഭക്ഷണം ഓരോ കുട്ടിയുടെയും അടിസ്ഥാനപരമായ അവകാശമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു വ്യക്തിയുടെ മാത്രം ചുമതല എന്നതിനു പകരം രക്ഷകർത്താക്കളും അദ്ധ്യാപകരും അടങ്ങുന്ന ഒരു കമ്മിറ്റിയെ ആണ് പദ്ധതി നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിന് ആവശ്യമായുള്ള ഭക്ഷ്യധാന്യം കേന്ദ്ര സർക്കാർ സൗജന്യമായി നൽകുകയും മറ്റ് ചെലവുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരു |

| | | | |
|---|---|---|---|
| | | | നിശ്ചിത അനുപാതത്തിൽ വഹിക്കുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കേരള സർക്കാർ പദ്ധതി നടത്തിപ്പ് ഔദ്യോഗികമായി ഏറ്റെടുത്ത 1984 മുതൽ അങ്ങേയറ്റം കരുതലോടും ശ്രദ്ധയോടും ശുഷ്കാന്തിയോടുമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതി വിജയകരമായി നടത്തി വരുന്നത്. 2015- ലെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ചട്ടം 8 പ്രകാരം ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർക്ക് സ്കൂളുകളിൽ പരിശോധന നടത്താവുന്നതും ഭക്ഷണ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കാവുന്നതുമാണ്. ഈ സാഹചര്യത്തിൽ ഫുഡ് ബിസിനസ് അല്ല എന്നതിനാലും ഒരു സ്റ്റാറ്റ്യൂട്ടറി & ലീഗൽ പ്രൊവിഷനായിട്ടാണ് ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത് എന്നതും കണക്കിലെടുത്ത് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്ക് ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ്സ് റെഗുലേഷൻ 2021-ൽ നിഷ്കർഷിച്ചിരിക്കുന്ന ഫുഡ് സേഫ്റ്റി ലൈസൻസ് ബാധകമാക്കേണ്ടതില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ലൈസൻസ് എടുക്കാത്തതിന്റെ പേരിൽ പാചകത്തൊഴിലാളികൾ പിഴ അടയ്ക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടോ; | (ബി) | 2024 ജനുവരി 17-ാം തീയതി തിരൂരങ്ങാടി ഫുഡ് & സേഫ്റ്റി ആഫീസർ താനൂർ ഉപജില്ലയിലെ ക്ലാരി എ.എം.എൽ.പി സ്കൂളിൽ പരിശോധന നടത്തി 7 ദിവസത്തിനകം ലൈസൻസ്/ രജിസ്ട്രേഷൻ ഹാജരാക്കിയില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുമെന്ന് നോട്ടീസ് നൽകിയതായി കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി 23.01.2024- ന് പരാതിയായി പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഉച്ചഭക്ഷണ പദ്ധതി തടസ്സമില്ലാതെ തുടരുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് തടസ്സപ്പെടുന്ന ഒരു സാഹചര്യവും ഇപ്പോൾ നിലവിലില്ല. കേരള സർക്കാർ പദ്ധതി നടത്തിപ്പ് ഔദ്യോഗികമായി ഏറ്റെടുത്ത 1984 മുതൽ മുടക്കമില്ലാതെ തന്നെ തുടർന്നു വരുന്നു. പദ്ധതി തടസ്സമില്ലാതെ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാവിധ ക്രമീകരണങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ടും ഭക്ഷ്യധാന്യവും കേന്ദ്ര സംസ്ഥാന സഹായത്തോടു കൂടി പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കുന്നുണ്ട്. സ്കൂൾ തലത്തിൽ പദ്ധതി നടത്തിപ്പിന്റെ ചുമതല സ്കൂൾ പി.റ്റി.എ പ്രസിഡന്റ് ചെയർമാനും, സ്കൂൾ പ്രധാനാദ്ധ്യാപകൻ/ പ്രധാനാദ്ധ്യാപിക കൺവീനറായുള്ള ഉച്ചഭക്ഷണ കമ്മിറ്റിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെയും വകുപ്പിന്റെയും കൂട്ടായ പ്രവർത്തന ഫലമായിട്ടാണ് പദ്ധതി കാര്യക്ഷമമായി നടന്നു വരുന്നത്.<br><br>കേന്ദ്ര സർക്കാർ ഏറ്റവും അവസാനം പുതുക്കി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ സ്കൂളുകൾക്ക് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ വേണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. ഫുഡ് ബിസിനസ് ഓപ്പറേഷന്റെ ഭാഗമായി ഭക്ഷണം തയ്യാറാക്കി വിൽക്കുകയോ കാറ്റർ ചെയ്യുകയോ ചെയ്യുന്ന വ്യക്തിയോ വ്യക്തികളോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവരാണ് ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കേണ്ടത്. 2011- ലെ ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റെഗുലേഷൻ പ്രകാരം ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കണമെന്ന വിഷയംമൂലം ഇപ്പോൾ ഉച്ചഭക്ഷണ പദ്ധതി മുടങ്ങുന്ന സാഹചര്യം ഇല്ല. |

സെക്ഷൻ ഓഫീസർ